പ്രസിദ്ധീകരണത്തിന്

മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം പേമാരിയും ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലം ദുരിതക്കയത്തിലായിട്ടുള്ള നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ സംരക്ഷിക്കേണ്ട കടമ ഓരോ പൗരനും ഉണ്ട്.

ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഏർപ്പെട്ടും, കഴിവുള്ള സാമ്പത്തിക സഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്ക് എത്രയുംവേഗം എത്തിച്ചുകൊടുത്തുമാണ് അത് നിർവഹിക്കേണ്ടത്.

നായർ സർവീസ് സൊസൈറ്റി ആദ്യഗഡുവായി 25 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ ആയി ഇന്ന് നല്കിക്കഴിഞ്ഞു.

എൻ.എസ്.എസ്. സ്ഥാപനങ്ങളിലെ ജീവനക്കാർ അവരുടെ ശമ്പളത്തിൽനിന്നും ഒരുദിവസത്തിൽ കുറയാത്ത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് എത്രയുംവേഗം അയക്കേണ്ടതാണെന്നും എൻ.എസ്.എസ്സിന്റെ എല്ലാ ഘടകങ്ങളും ഓണാഘോഷപരിപാടികൾ ഉപേക്ഷിക്കേണ്ടതാണെന്നും ആഹ്വാനം ചെയ്തുകൊള്ളുന്നു.

പെരുന്ന
16.8.2018

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി